LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗ്രാമീണമേഖലയിലെ വിതരണത്തിനുശേഷം മിച്ചമുള്ള പാൽ മാത്രം നഗരങ്ങളിൽ എത്തിച്ച് വിതരണം ചെയ്യാൽ പാക്കിംഗ് - വിതരണ ചെലവുകളും കാർബൺ എമിഷനും കുറയ്ക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ?

ക്ഷീരസഹകരണ സംഘങ്ങൾ പൊതുവെ ഗ്രാമീണ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ക്ഷീര കർഷകർ അവരുടെ പ്രാദേശിക വിൽപ്പനയ്ക്കും ശേഷമുള്ള പാലാണ് സംഘങ്ങളിൽ അളക്കുന്നത്. ക്ഷീരസഹകരണ സംഘങ്ങൾ പ്രാദേശിക വിൽപ്പന കഴിഞ്ഞുള്ള പാലാണ് മിൽമയ്ക്ക് നൽകുന്നത്. ആയതിനാൽ ഗ്രാമീണ മേഖലയെ അപേക്ഷിച്ച് നഗരങ്ങളിലാണ് പായ്ക്ക് ചെയ്ത പാലിന്റെ വിതരണം കൂടുതൽ നടക്കുന്നത്. നിലവിൽ നഗര പ്രദേശങ്ങളിൽ വിതരണത്തിനുള്ള പാലാണ് പ്ലാന്റുകളിൽ എത്തുന്നത്. ആയതുകൊണ്ടുതന്നെ പ്രത്യേകിച്ച് ചെലവുകൾ വർദ്ധിക്കുന്നില്ല.

(ഇ) എങ്കിൽ ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

ഗ്രാമീണ മേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് " ക്ഷീരസംഘങ്ങൾക്ക് ധനസഹായം" നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീര സംഘങ്ങളുടെ പുനഃരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ. 2006 നടപ്പിലാക്കാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ളസംഭരണ നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

ക്ഷീര ഗ്രാമം പദ്ധതി

298 (3018) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ എന്തൊക്കെ തുടർ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയുടെ വിവിധ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുന്ന ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. ക്ഷീരഗ്രാമ പദ്ധതിയിലെ ഘടക പദ്ധതികളായ പശു വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം, അവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം എന്നിവയുടെ ധനസഹായം ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്.

മിൽമയുടെ ഫുഡ്ടക്ക് സംവിധാനം

299 (3019) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗ സംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിൽമയുടെ ഫുഡ്ടക്ക് സംവിധാനം ഇപ്പോൾ ഏതൊക്കെ സ്ഥലങ്ങളിലാണ് ലഭ്യമാക്കിയിട്ടുള്ളത്; പ്രസ്തുത സംവിധാനം കൂടുതൽ നഗരങ്ങളിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മിൽമയുടെ ഫുഡ് ടക്ക് സംവിധാനം തിരുവനന്തപുരത്ത് കിഴക്കേകോട്ടയിലും മിൽമ ഓൺ വീൽസ് പദ്ധതി തൃശ്ശൂരും കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനടുത്തും ആരംഭിച്ചിട്ടുണ്ട്. തമ്പാനൂർ, നെടുമങ്ങാട്, ആറ്റിങ്ങൽ, ചടയമംഗലം, കായംകുളം എന്നിവിടങ്ങളിലും എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലും മലബാർ മേഖലയിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

ക്ഷീരവികസനം

300 (3020) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരവികസനവുമായി ബന്ധപ്പെട്ട് മിൽമ എത്ര ലിറ്റർ പാലാണ് അധികമായി സംഭരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ വർഷത്തെ പാൽ സംഭരണത്തെ അപേക്ഷിച്ച് ഏകദേശം 17% വർദ്ധനവുണ്ടായിട്ടുണ്ട്. 2021 ജൂൺ മാസത്തിൽ സംസ്ഥാനത്തെ മൊത്ത ഉപഭോഗത്തിനുശേഷം പ്രതിദിനം ശരാശരി 1,33,000 ലിറ്റർ പാൽ അന്യ സംസ്ഥാനത്തേയ്ക്ക് അയച്ച് പാൽപ്പൊടിയാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിപണനത്തിൽ കുറവുവന്നിട്ടുള്ള സാഹചര്യത്തിലാണ് അധിക പാൽ അന്യസംസ്ഥാനത്തേയ്ക്ക് അയച്ച് പാൽപ്പൊടിയാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly